കെ.എ. ഖാദിർ ഫൈസി

# ഏക നിവേദക ഹദീസുകൾ പ്രമാണമാണോ?



**നിവേദക** പരമ്പര ആസ്പദമാക്കി പണ്ഡിതന്മാർ ഹദീസുകളെ രണ്ടായി തിരിച്ചിട്ടുണ്ട്. 1) മുതവാതിർ 2)ആഹാദ്

നിവേദകൻ മുതൽ തിരുമേനി(സ) വരെയുള്ള നിവേദക ശൃംഖലയിലെ ഓരോ കണ്ണിയിലും അസത്യങ്ങൾ കടന്നുവരാൻ സാധ്യതയില്ലാത്തവിധം വിശ്വസ്തരും നീതിമാന്മാരുമായ നിവേദകരുടെ ഒരു സംഘമുണ്ടെങ്കിൽ ആ ഹദീസാണ് മുതവാതിർ. നിവേദക പരമ്പരയിൽ ഇത്രയധികം നിവേദകരില്ലാത്ത ഹദീസാണ് ആഹാദ്.

ആഹാദിൽതന്നെ മൂന്ന് ഇനങ്ങളുണ്ട്.

1. മശ്ഹൂർ(مشهور): ശൃംഖലയിലെ ഓരോ കണ്ണിയിലും മൂന്നോ അതിലധികമോ നിവേദകരുണ്ടാവുക. അതേസമയം മുതവാതിറിന്റെ എണ്ണം തികയാതിരിക്കുക.
2. അസീസ്(عزيز): ശൃംഖലയിലെ ഓരോ കണ്ണിയിലും രണ്ടിൽ കുറയാത്ത നിവേദകരുണ്ടാവുക.
3. ഗരീബ്(غريب): ഓരോ കണ്ണിയിലും അല്ലെങ്കിൽ ഒന്നോ അതിലധികമോ കണ്ണിയിൽ ഒരു നിവേദകൻ തനിച്ചാവുക.

ചില പണ്ഡിതന്മാർ 'മുതവാതിറി'ന്നും 'ആഹാദി'നുമിടയിലെ ഒരിനമായി മശ്ഹൂറിനെ കാണുന്നു. വേറെ ചിലർ മുതവാതിറിന്റെ ഒരിനമായാണ് 'മശ്ഹൂറി'നെ കണക്കാക്കുന്നത്.

ഏക നിവേദക ഹദീസുകൾ ഇസ്‌ലാമിൽ പ്രമാണമാണെന്നതിന് ഇമാം ശാഫിഈ(റ)യെ പോലുള്ള പണ്ഡിതന്മാർ നിരവധി തെളിവുകൾ എടുത്തുകാണിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ:

1. എന്റെ വാക്ക് കേട്ട് ഹൃദിസ്ഥമാക്കുകയും മനസ്സിലാക്കുകയും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്ത ദാസനെ അല്ലാഹു പ്രശോഭിതനാക്കട്ടെ എന്ന് നബി(സ) അരുളിയതായി ഇബ്നു മസ്ഊദ്(റ) ഉദ്ധരിക്കുന്നു. ഇവിടെ 'ദാസൻ' എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. അതൊരാളാണല്ലോ. താൻ കേട്ട ഹദീസ് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കാൻ പ്രചോദനമേകിയിരിക്കുകയാണ് ഇവിടെ. മതത്തിലെ വിധിവിലക്കുകളായിരിക്കുമല്ലോ പ്രവാചകനിൽ നിന്നയാൾ കേൾക്കുന്നത്.

അപ്പോൾ, അയാൾ എത്തിച്ചുകൊടുക്കുന്ന വിധിവിലക്കുകൾ മറ്റുള്ളവർക്ക് പ്രമാണമാക്കാമെന്ന് ഇതിൽനിന്ന് വ്യക്തമാവുന്നു. ഇയാളുടെ സന്ദേശം സ്വീകരിക്കാൻ മറ്റുള്ളവർ ബാധ്യസ്ഥരല്ലെങ്കിൽ പിന്നെ ഈ പ്രേരണക്കെന്തർഥമാണുള്ളത്? ഒരു വ്യക്തിയുടെ നിവേദനം പ്രമാണമാണെന്ന് ഇത് വിളിച്ചോതുന്നു.

2. മസ്ജിദുൽ ഖുബാഇൽ സ്വഹാബിമാർ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഖിബ്‌ലമാറ്റ വൃത്താന്തവുമായി നബി(സ)യുടെ ഒരു ദൂതൻ അവിടെ എത്തുന്നത്. ശാമിന്റെ ഭാഗത്തേക്ക് തിരിഞ്ഞു നമസ്കരിച്ചുകൊണ്ടിരുന്ന അവർ ഉടനെ കഅ്ബയുടെ ദിശയിലേക്ക് തിരിയുകയായിരുന്നു. ഇസ്‌ലാമിൽ തഴക്കമുള്ളവരും വിവരമുള്ളവരുമായിരുന്നു ഖുബാഇലെ അൻസ്വാറുകൾ. അല്ലാഹുവിന്റെ കൽപനയനുസരിച്ചായിരുന്നു ബൈതുൽ മുഖദ്ദസിന്റെ ദിശയിലേക്ക് തിരിഞ്ഞുകൊണ്ടവർ നമസ്കാരം നിർവഹിച്ചിരുന്നത്. അങ്ങനെ, സുദൃഢമായ തെളിവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരികയായിരുന്ന ഒരു കാര്യമാണ് ഒരു വ്യക്തിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവർ കൈയൊഴിച്ചത്. ഇദ്ദേഹത്തിന്റെ നിവേദനം പ്രമാണയോഗ്യമായിരുന്നില്ലെങ്കിൽ, പ്രാമാണികമായി നിങ്ങൾ ചെയ്തുകൊണ്ടിരുന്ന ഒരു കാര്യം പ്രാമാണികമല്ലാത്ത ഒരു വാർത്തയുടെ പേരിൽ നിങ്ങൾ കൈയൊഴിച്ചതെന്ത് എന്ന് തിരുമേനി (സ) അവരെ ശാസിച്ചേനെ. പക്ഷെ സംഭവിച്ചത് മറിച്ചായിരുന്നു.

3. അബൂത്വൽഹ(റ), അബൂഉബൈദ(റ), ഉബയ്യുബ്നു കഅ്ബ് (റ) എന്നീ പ്രമുഖ സ്വഹാബിവര്യന്മാർക്ക് അനസ്(റ) മദ്യം വിളമ്പിക്കൊണ്ടിരിക്കുമ്പോഴാണ് മദ്യനിരോധന വൃത്താന്തവുമായി ഒരാൾ വരുന്നത്. അതോടെ, അതുവരെ അനുവദനീയമായി കരുതപ്പെട്ടിരുന്ന മദ്യപാനം അവർ കൈയൊഴിച്ചുവെന്ന് മാത്രമല്ല മദ്യഭരണികൾ നിസ്സങ്കോചം തല്ലിയുടക്കുകയും ചെയ്തു. അവർ വിവരമുള്ളവരായിരുന്നു. തിരുമേനി(സ)യുടെ അടുത്ത സഖാക്കളും. മദ്യപാനം അൽപം താമസിപ്പിക്കാമായിരുന്നുവെന്നകാര്യമിരിക്കട്ടെ, മദ്യവും മദ്യഭരണിയും നശിപ്പിച്ചുകളയുന്നതെങ്കിലും വാർത്ത ശരിയാണെന്ന് ബോധ്യപ്പെടുന്നത് വരെ നീട്ടിവെക്കാമായിരുന്നു. പ്രസ്തുത വാർത്ത തെറ്റാണെങ്കിൽ സമ്പത്ത് പാഴാക്കുകയെന്ന കുറ്റമാണല്ലോ അവർ ചെയ്തിരുന്നത്. പക്ഷെ, ഒരു സാക്ഷിയെപോലും ആവശ്യപ്പെടാതെ ആ വാർത്ത സത്യമെന്ന് അംഗീകരിച്ച് തുടർനടപടികളിലേക്ക് കടക്കുകയായിരുന്നു അവർ. ഏക നിവേദകവൃത്താന്തം അവർ പ്രമാണമായംഗീകരിച്ചിരുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്.

4. തന്റെ ഭാര്യ വ്യഭിചരിച്ചിരിക്കുന്നുവെന്ന് ഒരാൾ നബി(സ)യോട് പരാതിപ്പെട്ടപ്പോൾ ഉനൈസിനെ ആ സ്ത്രീയുടെ അടുത്തേക്ക് പറഞ്ഞയക്കുകയാണ് ചെയ്തത്. അവർ ആരോപണം ശരിയെന്ന് സമ്മതിക്കുന്ന പക്ഷം അവളെ കല്ലെറിയണമെന്നായിരുന്നു നിർദേശം. അവൾ ആരോപണം ശരിവെക്കുകയും അയാൾ അവളെ കല്ലെറിയുകയുമാണുണ്ടായത്. ഇവിടെ, അവളുടെ കുറ്റസമ്മതം സ്ഥിരീകരിക്കുന്നതിന് ഒരു സംഘത്തെ തന്നെ അവളുടെ അടുത്തേക്കയക്കാമായിരുന്നു. അതുണ്ടായില്ല.



**ഹദീസിന്റെ മുതവാതിർ, ആഹാദ് എന്നിങ്ങനെയുള്ള തരംതിരിവ് പൂർവസൂരികളായ സ്വഹാബികൾക്കും താബിഉമാർക്കും അപരിചിതമായിരുന്നു. ഇസ്‌ലാമിന്റെ പ്രമാണമായി അവർ സ്വീകരിച്ചത് ഖുർആനെയും ഹദീസിനെയുമായിരുന്നു. ഹദീസ് എത്ര ആളുകൾ റിപ്പോർട്ടുചെയ്തുവെന്ന പരിഗണനയൊന്നും ഇവർക്കില്ലായിരുന്നു. മാത്രമല്ല, അനുഷ്ഠാനകാര്യങ്ങളിലെന്ന പോലെ, വിശ്വാസകാര്യങ്ങളിലും ഹദീസിനെ അവർ ആസ്പദിച്ചിരുന്നു, നിവേദകരുടെ എണ്ണം പരിഗണിക്കാതെതന്നെ.**



5. ഹിജ്റ 9-ാം വർഷം വിവിധ രാഷ്ട്രങ്ങളിൽ നിന്നെത്തിയ ഹാജിമാർക്ക് തങ്ങളുടെ ഹജ്ജ് കർമം പഠിപ്പിച്ചുകൊടുക്കുന്നതിനായി നബി(സ) നിയോഗിച്ചത് അബൂബക്ർ സിദ്ദീഖിനെയായിരുന്നു. *നഹ്ർ* ദിനത്തിൽ സമൂഹത്തോട് *ബറാഅത്ത്* സൂറയിലെ ചില സൂക്തങ്ങൾ ഓതിക്കേൾപ്പിക്കാനും നിയമങ്ങൾ മനസ്സിലാക്കിക്കൊടുക്കാനും അലി(റ)യെയും അവിടുന്നു നിയോഗിച്ചു. ഈ ഒറ്റവ്യക്തികളുടെ നിവേദനങ്ങൾ പ്രമാണമായിരുന്നില്ലെങ്കിൽ അവിടുന്ന് അങ്ങനെ ചെയ്യുമായിരുന്നില്ല.

6. ഇസ്‌ലാമിക ഭരണത്തിൻ കീഴിലുള്ള പല രാജ്യങ്ങളിലേക്ക് തിരുമേനി(സ) ഗവർണർമാരെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത രാജ്യങ്ങളിലെ വിശ്വാസികൾക്ക് തങ്ങളുടെ മതകാര്യങ്ങൾ അറിയിച്ചുകൊടുക്കാനുള്ള ചുമതല അവർക്കായിരുന്നു. മാത്രമല്ല, സകാത്ത് പോലുള്ളവ സ്വീകരിക്കലും ഇവരുടെ ചുതലയായിരുന്നു. പക്ഷേ, ഞങ്ങൾക്ക് ഇന്നിന്ന ബാധ്യതകളുണ്ടെന്ന് തിരുമേനി(സ)യിൽനിന്ന് ഞങ്ങൾ കേട്ടില്ലെന്നും നിങ്ങൾ ഏക വ്യക്തിയായതിനാൽ നിങ്ങളുടെ റിപ്പോർട്ട് ഞങ്ങൾക്ക് സ്വീകരിക്കാൻ കഴിയുകയില്ലെന്നും അവരാരും ആവലാതിപ്പെട്ടിരുന്നില്ല.

7. നോമ്പുകാരനായിരിക്കെ ഭാര്യയെ ചുംബിച്ച ഒരു സ്വഹാബി അതിന്റെ മതവിധി അറിയുന്നതിനായി ഭാര്യയെ പ്രവാചക പത്നി ഉമ്മുസലമ(റ)യുടെ അടുത്തേക്കയച്ചു. തിരുമേനി(സ) അങ്ങനെ ചെയ്യാറുണ്ടായിരുന്നുവെന്നായിരുന്നു മറുപടി.

ഇവിടെ ഉമ്മുസലമ(റ)യുടെയും ഭാര്യയുടെയും വാക്കുകൾ പ്രസ്തുത സ്വഹാബി അംഗീകരിച്ചുവെന്നാണല്ലോ വ്യക്തമാകുന്നത്.

8. തിരുമേനി(സ) സൈനിക നേതൃത്വമേൽപിച്ചത് ഒറ്റ വ്യക്തികളെയായിരുന്നു. ഇസ്‌ലാമിക പ്രബോധനത്തിനും അവശ്യഘട്ടങ്ങളിൽ യുദ്ധം ചെയ്യാനും അവർക്ക് അനുമതിയുണ്ടായിരുന്നു. കൂടുതലാളുകളെ ഈ ആവശ്യത്തിനുപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടും അവിടുന്ന് ഓരോരുത്തരെയാണതിന് നിയോഗിച്ചത്.

9. ഒരേ വർഷം 12 രാജാക്കന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണി

ക്കാനായി നബി(സ) നിയോഗിച്ചതും ദൂതന്മാരെയായിരുന്നു. അവരുടെ വാക്കുകൾ പ്രമാണമാകുമെന്നതിനാലാണല്ലോ അങ്ങനെ ചെയ്തത്.

10. ഖലീഫ, ന്യായാധിപൻ, അമീർ, ഇമാം എന്നിവരെല്ലാം ഒറ്റവ്യക്തികൾ തന്നെയായിരുന്നു. അവരുടെ വാക്കുകൾ പ്രമാണമായിരുന്നില്ലെങ്കിൽ ഈ പദവികൾക്കൊന്നും അർഥവുമുണ്ടായിരിക്കുകയില്ല.

11. ഭർത്താവിന്റെ നഷ്ടപരിഹാരത്തിൽ ഭാര്യക്കവകാശമില്ലെന്ന് ഉമർ(റ) ഒരിക്കൽ വിധിച്ചു. പക്ഷേ ഇതിനെതിരെ, ദഹ്ഹാക്ബ്നു സുഫ്യാൻ ഒരു ഹദീസ് ഉദ്ധരിച്ചപ്പോൾ അദ്ദേഹം തന്റെ അഭിപ്രായം മാറ്റിവെച്ച് പ്രസ്തുത ഹദീസ് സ്വീകരിക്കുകയായിരുന്നു. ഈ ഹദീസ് മുതവാതിറല്ല എന്ന പേരിൽ തന്റെ വീക്ഷണത്തിൽ ഉറച്ചുനിൽക്കാൻ അദ്ദേഹം സന്നദ്ധനായില്ല.

12. മറ്റൊരിക്കൽ, ഗർഭസ്ഥശിശുവിന്റെ നഷ്ടപരിഹാരം (ദിയ) ഒരടിമയെ മോചിപ്പിക്കലാണെന്ന ഹംലുബ്നു മാലികിന്റെ നിവേദനം കേട്ട ഉമർ(റ) പറഞ്ഞു: മുമ്പ് ഇത് കേട്ടിരുന്നുവെങ്കിൽ എന്റെ തീർപ്പ് മറ്റൊന്നാകുമായിരുന്നു.

13. മജൂസികളിൽനിന്ന് കപ്പം വാങ്ങാൻ അബ്ദുർറഹ്മാനുബ്നു ഔഫി(റ)ന്റെ നിവേദനമായിരുന്നു ഉമറി(റ)ന് അവലംബമെന്ന് അംറുബ്നു സുഫ്യാൻ ഉദ്ധരിക്കുന്നു.

14. മാനവരാശിയുടെ മാർഗദർശനത്തിനായി നിയോഗിതരായ പ്രവാചകന്മാരും ഒറ്റവ്യക്തികളായിരുന്നുവല്ലോ. *തവാതുറി*ന്റെ അഭാവത്തിൽ അവരെ സ്വീകരിക്കാൻ താൻ ബാധ്യസ്ഥരല്ലെന്ന ന്യായവാദം ആരും ഉന്നയിച്ചതായി തെളിവില്ല.

15. അവസാനത്തെ ത്വവാഫു കൂടാതെ ഋതുമതിക്ക് ഹജ്ജിൽനിന്ന് വിരമിക്കാമെന്ന ഇബ്നുഅബ്ബാസി(റ)ന്റെ ഫത്വയെ ചോദ്യം ചെയ്ത സൈദുബ്നു സാബിതിന് തന്റെ അഭിപ്രായം തിരുത്താൻ തെളിവായത് ഒരു അൻസ്വാരി വനിതയുടെ വാക്കായിരുന്നു.

16. തന്റെ ഒരു വിധി ദുർബലപ്പെടുത്താൻ ഉമർ(റ) അവലംബിച്ചത് ഉർവ(റ)യുടെ ഒരുനിവേദനമായിരുന്നുവെന്ന് ഇബ്നു അബീദിഅ്ബി പറയുന്നു.

ഇങ്ങനെ സ്വഹാബിമാർ, താബിഉകൾ, താബിഉത്താബിഉകൾ എന്നിവരുടെ മാതൃകകളുദ്ദേശിച്ച് ഇസ്‌ലാമിക പണ്ഡിതന്മാർ സമർഥിക്കുന്നത്, ഏക നിവേദക ഹദീസ് നിർബന്ധമായും സ്വീകരിക്കപ്പെടണം എന്നത്രെ.

**പരമ്പരയിലെ ഓരോ കണ്ണിയിലും വിശ്വസ്തനായ ഒരാളുണ്ടങ്കിൽ നബി (സ) വരെ എത്തുന്ന ഹദീസ് സ്വഹീഹാണെന്നാണ് ഇമാം ശാഫിഈ(റ) അടക്കമുള്ള ഭൂരിപക്ഷം ഹദീസ് പണ്ഡിതന്മാരുടെയും കർമശാസ്ത്ര വിദഗ്ധരുടെയും നിലപാട്. അതല്ലാത്ത ഉപാധികൾക്കൊന്നും അവർ യാതൊരു വിലയും കൽപിക്കുന്നില്ല. ഈ രീതിയിൽ ഒരു ഹദീസ് സ്വഹീഹായി വരികയാണെങ്കിൽ അത് ഇസ്‌ലാമിക ശരീഅത്തിന്റെ ഒരടിസ്ഥാനമായാണ് പരിഗണിക്കപ്പെടുക. ഉമ്മ്, രിസാല പോലുള്ള ഗ്രന്ഥങ്ങളിൽ ഇക്കാര്യം ഇമാം ശാഫി(റ) സുദീർഘമായി ചർച്ച ചെയ്യുന്നുണ്ട്. എതിർവാദക്കാരെ ശക്തിയായി ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്.**

### കർമങ്ങൾ ചെയ്യലും നിർബന്ധം

വ്യവസ്ഥാപിതമായി ലഭിച്ച ഏക നിവേദക ഹദീസുകൾ പ്രാവർത്തികമാക്കുക നിർബന്ധമാണെന്നതിന് ഇമാം ശാഫിഈ(റ)യെപോലുള്ള പണ്ഡിതന്മാർ ധാരാളം തെളിവുകൾ അവതരിപ്പിച്ചിട്ടുണ്ട്:

1. വിവിധ ജനതകളിലേക്ക് പ്രവാചകന്മാരെ നിയോഗിച്ചത് സംബന്ധമായി വന്ന ഖുർആനിക സൂക്തങ്ങളാണവയിലൊന്ന്. ജനതകളുടെ കർമങ്ങൾക്കും വിശ്വാസങ്ങൾക്കും മാനദണ്ഡം പ്രസ്തുത പ്രവാചകന്മാരുടെ വാക്കുകളായിരുന്നുവല്ലോ. ഓരോ ജനതതിക്കും ഒരേ സമയം, ഒരാൾ മാത്രമായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്. അദ്ദേഹത്തെ തിരസ്കരിക്കുക വഴി അവർ കുറ്റക്കാരാകുകയും ശിക്ഷക്ക് അർഹരായിത്തീരുകയും ചെയ്യുകയാണുണ്ടായത്. ഒരാളുടെ വാക്ക് സ്വീകരിക്കുക നിർബന്ധമായിരുന്നില്ലെങ്കിൽ ഈ പ്രവാചകനിയോഗം നിഷ്ഫലമാണല്ലോ. അദ്ദേഹത്തെ തിരസ്കരിച്ചതിന്റെ പേരിലുള്ള ആക്ഷേപവും അനീതിയാകും.

2. 'അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി' (*അൽ ബഖറ* 143).

സാക്ഷിയുടെ വാക്ക് ജനങ്ങൾ കൈക്കൊള്ളേണ്ടതില്ലെങ്കിൽ ഈ പറഞ്ഞതിനെന്തർഥമാണുള്ളത്?

3. അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ മാർഗദർശനങ്ങളും തെളിവുകളും മറച്ചുവെക്കുന്നവരെ അവൻ ശക്തിയായി ശപിച്ചതായി *അൽ ബഖറ* 159-ൽ പറയുന്നു. പ്രവാചകനിൽനിന്ന് ഒരു വ്യക്തിക്ക് ലഭിച്ച മാർഗദർശനം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക അയാളുടെ ബാധ്യതയാണെന്ന് സാരം.

അയാളിൽനിന്ന് കേൾക്കുന്ന മറ്റുള്ളവർ അത് സ്വീകരിക്കാൻ ബാധ്യസ്ഥരല്ലെങ്കിൽ ഈ ശാപത്തിന് എന്ത് സ്ഥാനമാണുള്ളത്?

4. അറിവില്ലാത്ത കാര്യങ്ങൾ അറിവുള്ളവരോട് ചോദിക്കുക വിശ്വാസികൾക്ക് നിർബന്ധമാണെന്ന് *അൽ അമ്പിയാഅ്* 7 വ്യക്തമാക്കുന്നു. ചോദിക്കുക നിർബന്ധമാണെങ്കിൽ തദനുസാരം പ്രവർത്തിക്കുന്നതും അങ്ങനെത്തന്നെയാണല്ലോ. ഇവിടെ അറിവുള്ളവരുടെ എണ്ണം എത്രയായിരിക്കണമെന്ന് പറഞ്ഞിട്ടില്ല.

5. സത്യവിശ്വാസികൾ അല്ലാഹുവിന്നുവേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണമെന്ന് (*അന്നിസാഅ്* 135) ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. വ്യക്തിയുടെ സാക്ഷ്യം പ്രമാണമല്ലെങ്കിൽ ഈ ആജ്ഞ നിഷ്ഫലമായിരിക്കും.

6. 'ഹേ, റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചു കൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. (*മാഇദ* 67)

തിരുമേനി(സ)യുടെ സമകാലികരിലേക്ക് ദൈവിക ദൗത്യം എത്തിക്കാൻ അദ്ദേഹത്തിനു സാധിക്കുമെന്ന് വിചാരിക്കാം. പക്ഷേ, ശേഷക്കാർക്കോ? അദ്ദേഹത്തിൽനിന്ന് കേട്ടവർ എത്തിക്കണം. അവർ അടുത്ത തലമുറക്കും. അങ്ങനെ

ഈ പരമ്പര നീണ്ടുപോകണം. അവർ ഒറ്റപ്പെട്ടവരായിരിക്കാം. സംഘങ്ങളായിരിക്കാം. തവാതുറിന്റെ സംഖ്യ തികഞ്ഞാൽ മാത്രമേ ഇത് ബാധകമാകുകയുള്ളൂവെന്ന് പണ്ഡിതന്മാരും പറയുന്നില്ല. കേട്ടവർക്ക് സ്വീകരിക്കൽ നിർബന്ധമില്ലെങ്കിൽ, പിന്നെ ഈ ആജ്ഞക്ക് യാതൊരർഥവുമില്ല.

7. *അത്തൗബ* (122) അധ്യായത്തിൽ ഇങ്ങനെ പറയുന്നു:

'..........എന്നാൽ അവരിലെ ഓരോ വിഭാഗത്തിൽനിന്നും ഓരോ സംഘം പുറപ്പെട്ടുപോയിക്കൂടെ? എങ്കിൽ (ബാക്കിയുള്ളവർക്ക് നബിയോടൊപ്പം നിന്ന്) മതകാര്യങ്ങളിൽ ജ്ഞാനം നേടുവാനും തങ്ങളുടെ ആളുകൾ അവരുടെ അടുത്തേക്ക് തിരിച്ചുവന്നാൽ അവർക്ക് താക്കീത് നൽകുവാനും കഴിയുമല്ലോ.'

ഇവിടെ സംഘം എന്നർഥത്തിൽ ഖുർആൻ പ്രയോഗിച്ച *ത്വാഇഫത്ത്* എന്ന പദം ഒന്നും അതിലധികവുമാളുകൾക്ക് പ്രയോഗിക്കപ്പെടുന്നതിന് വ്യാഖ്യാതാക്കൾ പറയുന്നു. തവാതുറിന്റെ എണ്ണമെത്തിയിട്ടില്ലാത്ത ഒരുപറ്റം ആളുകളെ കുറിക്കുന്നതാണ് ഈ പ്രയോഗം. ദൈവിക മാർഗത്തിൽ സമരം ചെയ്തുകൊണ്ടിരിക്കുന്നവരിൽ ചിലരെയാണിത് ഏൽപിച്ചതെന്നത് ഈ ഉത്തരവാദിത്വത്തിന്റെ പ്രാധാന്യമെടുത്തോതുന്നു.



8. 'ഹേ മൂസാ, താങ്കളെ വധിക്കാൻ പ്രമുഖ വ്യക്തികൾ ആലോചന നിർത്തിക്കൊണ്ടിരിക്കുന്നു. അതിനാൽ താങ്കൾ ഈജിപ്ത് വിടണം എന്നു പറഞ്ഞുകൊണ്ട് പട്ടണത്തിന്റെ അങ്ങേയറ്റത്ത്നിന്ന് ഒരാൾ ഓടിവന്നു മൂസാ(അ)യോട് പറയുകയും തദനുസാരം അദ്ദേഹം സ്ഥലം വിടുകയും ചെയ്ത സംഭവം *അൽ ഖസ്വസ്* (20, 21)ൽ വിവരിക്കുന്നുണ്ട്. ഇവിടെ ഒറ്റയാളുടെ വാക്ക് വിശ്വസിച്ചാണ് ഒരു പ്രവാചകൻ തന്റെ ഭാവി കാര്യങ്ങൾക്ക് രൂപം നൽകിയത്.

9. തങ്ങളുടെ വീടുകളിൽ വെച്ച് ഓതിക്കേൾപ്പിക്കപ്പെടുന്ന ദൈവ വചനങ്ങളും തത്ത്വജ്ഞാനങ്ങളും മറ്റുള്ളവരോട് പറയാൻ പ്രവാചക പത്നിമാരോട് അല്ലാഹു ആജ്ഞാപിക്കുന്നതായി *അൽ അഹ്സാബ്* (34) അധ്യായത്തിൽ കാണാം. ജനങ്ങൾ തദനുസാരം പ്രവർത്തിക്കുന്നതിനാണല്ലോ ഇത്. ഏകവ്യക്തികളുടെ നിവേദനം പ്രവർത്തനയോഗ്യമല്ലെങ്കിൽ ഈ കൽപനകൊണ്ടെന്ത് ഫലം?

ഏക നിവേദക ഹദീസുകൾ സ്വീകാര്യമാണെന്നും തദനുസാരം പ്രവർത്തിക്കുക നിർബന്ധമാണെന്നും വിളിച്ചോതുന്ന നിരവധി ഹദീസുകൾ അന്യത്ര വിവരിച്ചിട്ടുണ്ട്.

### ഏക നിവേദക ഹദീസുകൾ നിഷേധിക്കുന്ന പ്രവണത

ഹദീസിന്റെ മുതവാതിർ, ആഹാദ് എന്നിങ്ങനെയുള്ള തരംതിരിവ് പൂർവസൂരികളായ സ്വഹാബിമാർക്കും താബിഉകൾക്കും അപരിചിതമായിരുന്നു. ഇസ്‌ലാമിന്റെ പ്രമാണമായി അവർ സ്വീകരിച്ചത് ഖുർആനെയും ഹദീസിനെയുമായിരുന്നു. ഹദീസ് എത്ര ആളുകൾ റിപ്പോർട്ടു ചെയ്തുവെന്ന പരിഗണനയൊന്നും ഇവർക്കില്ലായിരുന്നു. മാത്രമല്ല, അനുഷ്ഠാനകാര്യങ്ങളിലെന്ന പോലെ, വിശ്വാസകാര്യങ്ങളിലും ഹദീസിനെ അവർ ആസ്പദിച്ചിരുന്നു, നിവേദകരുടെ എണ്ണം പരിഗണിക്കാതെതന്നെ.

ഹിജ്റ 35-ൽ ഖിലാഫത്ത് സംബന്ധമായ തർക്കം ഉടലെടുത്തു. തർക്കം ഒടുവിൽ പിളർപ്പിലേക്കെത്തി. ഹിജ്റ ആറിന് ശേഷം *മുഅ്തസിലി* വിഭാഗം ഉടലെടുത്തതോടെ മുൻപറഞ്ഞ നിലപാടിന് വിരുദ്ധമായ പ്രവണതകൾ കണ്ടു തുടങ്ങി. മുതവാതിർ, ആഹാദ് എന്നിങ്ങനെ ഹദീസുകൾക്കിടയിൽ വിഭജനമുണ്ടായി. അതേതുടർന്ന് *ആഹാദി*ന് ചില നിയമങ്ങൾ ബാധകമാക്കി. തത്ത്വത്തിൽ, ഹദീസുകളെ നിഷ്കാസനം ചെയ്യലായിരുന്നു അവരുടെ ലക്ഷ്യം. ആഹാദുകളായിരുന്നുവല്ലോ ഹദീസുകളിൽ ബഹുഭൂരിഭാഗവും.

ആഹാദിനെ നിഷേധിക്കുന്നവർ രണ്ടുതരക്കാരാണ്. ഒന്ന്, ആഹാദിനെ മൊത്തമായി നിഷേധിക്കുന്നവർ. രണ്ട്, വിശ്വാസപരമായ കാര്യങ്ങളിൽ ആഹാദിനെ പ്രമാണമായി അംഗീകരിക്കാത്തവർ.

ഖവാരിജ്, ശീഈകൾ, റാഫിദികൾ, മുഅ്തസിലികൾ, ജഹ്മികൾ, ഈസബ്നു കുബാൻ, അദ്ദേഹത്തിന്റെ അനുയായികൾ, മുഹമ്മദുബ്നു ഇസ്ഹാഖ് ഖാസാനി, മുഹമ്മദ്ബ്നു ദാവൂദു ദാഹിരി, നഹ്റവാനി, ഇബ്റാഹീമുബ്നു ഇസ്മാഈൽ ഇബ്നു ഉമയ്യ, അസ്മാഅ്, ഖാദി അബൂസൈദ് അബീ അബ്ദില്ലാ ദബൂസി തുടങ്ങിയവർ ആദ്യ വിഭാഗത്തിൽ പെടുന്നു.

വിശ്വാസകാര്യങ്ങളിൽ ആഹാദിനെ പ്രമാണമായംഗീകരിക്കാത്തവർ പ്രാചീന പണ്ഡിതന്മാരിലും ആധുനിക പണ്ഡിതന്മാരിലുമുണ്ട്.

പൂർണബോധ്യം ഉണ്ടാവേണ്ട മതകാര്യങ്ങളിൽ ആഹാദ് പ്രമാണമല്ലെന്നാണ് ഖത്വീബ് ബഗ്ദാദി പറയുന്നത്. പ്രവാചകന്റെ വാക്കാണെന്ന് പൂർണ ബോധ്യമില്ലാത്ത ഹദീസുകളിലെ ഉള്ളടക്കവും അങ്ങനെയായിരിക്കുമെന്നാണ് അദ്ദേഹത്തിന്റെ ന്യായീകരണം. എന്നാൽ, ഇത്തരം ബോധ്യം അനിവാര്യമല്ലാത്ത നമസ്കാരം, ഹജ്ജ്, സകാത്ത് തുടങ്ങിയ അനുഷ്ഠാനകാര്യങ്ങളിൽ ആഹാദ് സ്വീകാര്യവും തദനുസാരമുള്ള അനുഷ്ഠാനം നിർബന്ധവുമാണെന്നദ്ദേഹം പറയുന്നു. ബുദ്ധിയുടെ വിധി, സുസ്ഥിരമായ ഖുർആനിക വിധി, പ്രസിദ്ധമായ നബിചര്യ, നബിചര്യയുടെ സമാനമായ സ്ഥാനം വഹിക്കുന്ന കർമം, ബോധ്യപ്പെട്ട തെളിവ് എന്നിവയോട് വിയോജിച്ചുവരുമ്പോൾ ആഹാദ് സ്വീകാര്യമല്ലെന്നും അദ്ദേഹം പറയുന്നു. (*അൽ കിഫായ* പേ. 432 നോക്കുക.)

എന്നാൽ, പ്രവാചകൻ പറഞ്ഞുവെന്ന് ബോധ്യപ്പെട്ടതും *മുതവാതിർ* പദവിയിലെത്താത്തതുമായ ഹദീസാണ് നമ്മുടെ ചർച്ചാ വിഷയം. അതിനാൽതന്നെ, വിശ്വസ്തരും നീതിമാന്മാരുമായ നിവേദകർ വഴിയായി ലഭിച്ച ഹദീസുകൾ മാത്രമേ പരിഗണിക്കപ്പെടേണ്ടതുള്ളൂ. അല്ലാത്തവയെ മാറ്റി നിർത്താം.

### ആഹാദിനെതിരെ ആധുനികർ

ഏക നിവേദക ഹദീസിന്റെ പ്രാമാണികത ചോദ്യം ചെയ്ത് ഇക്കാലത്ത് ചിലർ രംഗത്തുവന്നിട്ടുണ്ട്. അവരുടെ വാദഗതികൾ ഇങ്ങനെ സംക്ഷേപിക്കാം:

1. ഏക നിവേദക ഹദീസ് വഴി ഖണ്ഡിതമായ അറിവ് ലഭിക്കുകയില്ല. പ്രത്യുത, ഊഹം മാത്രമാണ് ലഭിക്കുക. നിനക്ക് ബോധ്യപ്പെടാത്തത് അനുകരിക്കരു(*ഇസ്റാഅ്* 36)തെന്നും

ഊഹം യാഥാർഥ്യത്തിന്റെ സ്ഥാനത്ത് ഒരിക്കലും പര്യാപ്തമാവുകയില്ലെന്നും (*അന്നജ്മ്* 28) ഖുർആൻ പ്രഖ്യാപിക്കുന്നു. അതിനാൽ, ഈ ഹദീസ് വർജിക്കേണ്ടതാണ്.

2. വിശ്വാസകാര്യങ്ങളിലും മൗലിക കാര്യങ്ങളിലും ഇത്തരം ഹദീസുകൾ പര്യാപ്തമല്ലെന്ന് എല്ലാവരും അംഗീകരിക്കുന്നു. അപ്പോൾ, ശാഖാപര പ്രശ്നങ്ങളിലും അങ്ങനെതന്നയാകേണ്ടത്.

3. ഒരിക്കൽ, രണ്ടു റക്അത്ത് നമസ്കരിച്ചു സലാം വീട്ടിയ നബി(സ)യെ ദുൽയദൈനി എന്ന സ്വഹാബി കാര്യം ധരിപ്പിച്ചപ്പോൾ അവിടുന്ന് അബൂബക്റി(റ)ന്റെയും ഉമറി(റ)ന്റെയും നമസ്കാരത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെയും സാക്ഷ്യം കൂടി ലഭിച്ച ശേഷം മാത്രമായിരുന്നു അത് സ്വീകരിച്ചത്. ഒരു നിവേദകന്റെ ഹദീസ് പ്രമാണമാണെങ്കിൽ തിരുമേനി (സ) അവരോട് സാക്ഷ്യം ആവശ്യപ്പെടാതെ, നിരുപാധികം അദ്ദേഹം പറഞ്ഞത് സ്വീകരിക്കുമായിരുന്നുവല്ലോ.

4. മാതാമഹിയുടെ അനന്തിരാവകാശ സംബന്ധമായ മുഗീറയുടെ ഹദീസ്, മുഹമ്മദുബ്നു മസ്‌ലമയുടെ സാക്ഷ്യത്തിനു ശേഷമാണ് അബൂബക്ർ(റ) സ്വീകരിച്ചത്. വീട്ടിൽ പ്രവേശനാനുമതി തേടുന്ന രീതിയെക്കുറിച്ച് അബൂമൂസയുടെ ഹദീസാകട്ടെ അബൂസഈദ് സാക്ഷ്യപ്പെടുത്തിയ ശേഷമാണ് ഉമർ(റ) സ്വീകരിച്ചത്. ബന്ധുക്കളുടെ വിലാപം ഖബർ ശിക്ഷക്ക് ഹേതുവായിത്തീരുന്നുവെന്ന ഇബ്നു ഉമറി(റ)ന്റെ നിവേദനം ആഇശ(റ) തള്ളിക്കളഞ്ഞു. ആഹാദ് പ്രമാണമല്ലെന്നാണല്ലോ ഇത്തരം സംഭവങ്ങൾ വ്യക്തമാക്കുന്നത്.

ഇസ്മാഈൽ അദ്ഹം, അഹ്മദ് അമീൻ (മരണം-1954), മഹ്മൂദ് അബൂറയ്യ തുടങ്ങിയവരാണ് ആഹാദിനെതിരെ രംഗത്തിറങ്ങിയ ആധുനികരിൽ പ്രമുഖർ.

## കർമശാസ്ത്ര മദ്ഹബുകളുടെ നിലപാട്

പരമ്പരയിലെ ഓരോ കണ്ണിയിലും വിശ്വസ്തനായ ഒരാളുണ്ടെങ്കിൽ നബി(സ) വരെ എത്തുന്ന ഹദീസ് സ്വഹീഹാണെന്നാണ് ഇമാം ശാഫിഈ(റ) അടക്കമുള്ള ഭൂരിപക്ഷം ഹദീസ് പണ്ഡിതന്മാരുടെയും കർമശാസ്ത്ര വിദഗ്ധരുടെയും നിലപാട്. അതല്ലാത്ത ഉപാധികൾക്കൊന്നും അവർ യാതൊരു വിലയും കൽപിക്കുന്നില്ല. ഈ രീതിയിൽ ഒരു ഹദീസ് സ്വഹീഹായി വരികയാണെങ്കിൽ അത് ഇസ്‌ലാമിക ശരീഅത്തിന്റെ ഒരടിസ്ഥാനമായാണ് പരിഗണിക്കപ്പെടുക. *ഉമ്മ്, രിസാല* പോലുള്ള ഗ്രന്ഥങ്ങളിൽ ഇക്കാര്യം ഇമാം ശാഫിഈ(റ) സുദീർഘമായി ചർച്ച ചെയ്യുന്നുണ്ട്. എതിർവാദക്കാരെ ശക്തിയായി ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്.

ഹദീസിന്റെ മൂല്യനിർണയത്തിൽ പണ്ഡിതന്മാർക്കിടയിൽ വലിയ അഭിപ്രായവ്യത്യാസമാണുള്ളതെന്ന് ഇതേവരെ പറഞ്ഞതിൽനിന്ന് വ്യക്തമായി. ചിലപ്പോൾ, പ്രസിദ്ധമാണ് എന്നതിനാൽ ഇമാം അബൂഹനീഫ(റ) ഒരു ഹദീസ് സ്വീകരിക്കുന്നു; അതിന്റെ പരമ്പരയിലെ ബലഹീനത കാരണം ഇമാം ശാഫിഈ(റ) അതിനെ തള്ളിക്കളയുകയും ചെയ്യുന്നു. മദീനക്കാരുടെ പ്രവർത്തനങ്ങൾക്കെതിരാണെന്ന കാരണത്താൽ ഇമാം മാലിക് ഹദീസ് തള്ളുന്നു. പരമ്പര പ്രബലമാണെന്നതിനാൽ ഇമാം ശാഫിഈ(റ) അത് പ്രയോഗവൽക്കരിക്കുകയും ചെയ്യുന്നു. ഇതായിരുന്നു സ്ഥിതി. പക്ഷേ, പിൽക്കാലത്ത് മദ്ഹബീ പക്ഷപാതിത്വം വർധിച്ചപ്പോൾ സ്ഥിതിയാകെ മാറി. ഇമാമുമാർ സ്വീകരിച്ചിരുന്ന അടിസ്ഥാനതത്ത്വങ്ങളിലേക്കൊന്നും അനുയായികൾ തിരിഞ്ഞു നോക്കിയില്ല. പരമ്പര സ്ഥിരപ്പെട്ട ഹദീസുകളെ തിരസ്കരിക്കുന്നവർക്കെതിരെ അവർ തിരിഞ്ഞു.

ഖബർ വാഹിദ് സ്വീകരിക്കുന്ന കാര്യത്തിൽ കർമശാസ്ത്ര പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്താഭിപ്രായമാണല്ലോ ഉള്ളത്. സ്വീകരിക്കൽ നിർബന്ധമാണെന്നു പറയുന്നവരിൽതന്നെ അതിന്റെ ഉപാധികളെ കുറിച്ച് ഏകാഭിപ്രായമല്ല ഉള്ളത്.

**ഹനഫികൾ:** ഖബർ വാഹിദ് പ്രയോഗവൽക്കരിക്കുക നിർബന്ധമാകുന്നതിന് ഹനഫികൾ പല നിബന്ധനകളും വെച്ചിട്ടുണ്ട്:

1. ഖുർആൻ, മുതവാതിറായ സുന്നത്ത്, ഇജ്മാഅ് തുടങ്ങിയവയിൽ ഏതെങ്കിലുമൊന്നിന് എതിരായി വരാതിരിക്കണം. ഇവയെല്ലാം ഖണ്ഡിതമായ തെളിവുകളാണെങ്കിൽ, ഖബർ വാഹിദ് കേവലം നിഗമനമാണെന്നതാണ് ന്യായീകരണം.

2. വ്യാപകമായ ഒരു വിപത്തിന്റെ കാര്യത്തിൽ വന്നതായിരിക്കരുത്. അത്തരം കാര്യങ്ങൾ ധാരാളം സംഭവിക്കുകയും അക്കാരണത്താൽ തന്നെ, അതേകുറിച്ച അന്വേഷണം ധാരാളം നടക്കുകയും ചെയ്യുമല്ലോ. അപ്പോൾ, മറുപടിയും ധാരാളമുണ്ടാകും. എന്നിട്ടും ഒരാളുടെ മാത്രം നിവേദനത്തിലാണിത് വന്നതെങ്കിൽ അതിന്റെ അടിസ്ഥാനം സംശയാസ്പദമാണെന്ന് മനസ്സിലാക്കാം.

3. ഖിയാസിന്നു വിരുദ്ധമല്ലാതിരിക്കുക.

4. ശിക്ഷാവിധി, പ്രായശ്ചിത്തം തുടങ്ങി വ്യാപകസ്വഭാവമുള്ള കാര്യങ്ങളിലല്ലാതിരിക്കുക. ഇത്തരം കാര്യങ്ങൾ ധാരാളമാളുകൾ കേൾക്കാനാണ് സാധ്യത. അതിനാൽ തന്നെ, അത് പ്രസിദ്ധിയാർജിക്കുകയും ചെയ്യും. എന്നിട്ടും ഒന്നോ രണ്ടോ ആളുകൾ മാത്രം നിവേദനം ചെയ്യുന്നത് സംശയാസ്പദമാണ്.

5. പൂർവസൂരികളിലാരുടെയെങ്കിലും ആക്ഷേപത്തിനിരയാകാതിരിക്കുക.

6. നിവേദകൻ നിവേദനത്തിനു വിരുദ്ധമായി പ്രവർത്തിക്കാതിരിക്കുക. പാത്രത്തിൽ നായ തലയിട്ടാൽ ഏഴുതവണ കഴുകണമെന്ന അബൂഹുറയ്റയുടെ ഹദീസ് ഉദാഹരണം - അബൂ ഹുറയ്റയുടെ തന്നെ ഫത്‌വക്ക് വിരുദ്ധമാണിത്. അതുകൊണ്ടാണ് ഇമാം അബൂ ഹനീഫ അതിന്റെ പ്രയോഗവൽക്കരണം ഉപേക്ഷിച്ചത്.

7. വിശ്വസ്തരായ നിവേദകന്മാരിൽനിന്ന് ഒറ്റപ്പെട്ടുകൊണ്ട്, മൂലവാക്യത്തിലോ, പരമ്പരയിലോ, നിവേദകൻ കൂട്ടിച്ചേർക്കൽ നടത്താതിരിക്കുക. ഈ കൂട്ടിച്ചേർക്കൽ അസ്വീകാര്യമത്രെ.

**മാലികികൾ:** ഈ വിഷയത്തിൽ മാലികികൾ വെച്ച നിബന്ധനകൾ ഇവയാണ്:

1. ഖബർ വാഹിദ് മദീനക്കാരുടെ പ്രവർത്തനങ്ങൾക്ക് വിരുദ്ധമാകാതിരിക്കുക.

2. ഖുർആന്റെ ബാഹ്യാർഥത്തിന്നുവിരുദ്ധമല്ലാതിരിക്കുക.

3. തദനുസൃതം പ്രവർത്തിക്കുന്നത് നിരോധിക്കപ്പെട്ട കാര്യത്തിലേക്കുള്ള മാർഗമാകാതിരിക്കുക.

4. ഖിയാസിന്ന് വിരുദ്ധമാകാതിരിക്കുക.

**ശാഫിഈകൾ:** ഇമാം ശാഫിഈ(റ)യുടെ വിവരണത്തിൽനിന്നും ഖബർ വാഹിദ് സ്വീകാര്യമാകുന്നതിന് താഴെ നിബന്ധനകൾ അദ്ദേഹം പരിഗണിച്ചിരുന്നുവെന്ന് മനസ്സിലാക്കാം:

1. നിവേദകൻ വിശ്വസ്തനും സത്യസന്ധനാണെന്ന് അറിയപ്പെട്ടവനും ഹദീസിനെകുറിച്ച് മനസ്സിലാക്കാൻ കഴിയുന്നവനും അതിലെ ആശയങ്ങൾ ഗ്രഹിച്ചവനുമായിരിക്കുക.

2. അദ്ദേഹം കേട്ട അതേ വാക്കുകളിലൂടെ തന്നെ നിവേദനം നടത്തുക.

3. ഹദീസ് ഹൃദിസ്ഥമാക്കുക. ഓർമ്മയിൽനിന്നുദ്ധരിക്കുന്നയാൾക്കാണിത് ബാധകം.

4. ഗ്രന്ഥത്തിൽ നിന്നുദ്ധരിക്കുകയാണെങ്കിൽ ആ ഗ്രന്ഥത്തെ സുരക്ഷിതമായി സൂക്ഷിക്കുന്നവനായിരിക്കുക.

5. പ്രസ്തുത ഹദീസ് മനഃപാഠമുള്ളവരുണ്ടെങ്കിൽ അവരുടെ ഓർമയോട് യോജിച്ചതാകുക.

6. 'തദ്‌ലീസ്' ചെയ്യാത്തവനായിരിക്കുക.

**ഹമ്പലികൾ:** തിരുമേനി(സ)യിൽ നിന്നുള്ള പരമ്പര സാധുവാകുക എന്ന ഏക നിബന്ധന മാത്രമാണ് ഖബർ വാഹിദ് സ്വീകരിക്കുന്നതിന് ഇമാം അഹ്മദ് ഇബ്നു ഹമ്പൽ വച്ചിട്ടുള്ളത്. ഒരു ഹദീസ് നബി(സ)യിൽനിന്ന് സ്വഹീഹായി ലഭിക്കുകയും വിശ്വസ്തരായ നിവേദകർ അത് നിവേദനം ചെയ്യുകയും ചെയ്താൽ അത് 'സുന്നത്താ'ണ്. അത് മനസ്സിലാക്കുകയും ലഭിക്കുകയും ചെയ്തവരെ സംബന്ധിച്ചിടത്തോളം പ്രയോഗവൽക്കരണം നിർബന്ധവുമാണ്. മറ്റ് അഭിപ്രായങ്ങളോ ഖിയാസോ പരിഗണിക്കേണ്ടതില്ല എന്നാണദ്ദേഹത്തിന്റെ അഭിപ്രായം.

## ഖബർ വാഹിദ് ലഭിച്ചാൽ സ്വഹാബിമാർ ഇജ്തിഹാദ് ചെയ്തിരുന്നില്ല

നബി(സ)യുടെ ഒരു ഹദീസ് ലഭിച്ചാൽ തദനുസൃതം പ്രവർത്തിക്കുക സ്വഹാബിമാരുടെ സ്വഭാവമായിരുന്നു. അത് ലഭിച്ചത് ഒരാൾ മുഖേനയാണോ രണ്ടാൾ മുഖേനയാണോ ഒരു സംഘം വഴിയാണോ എന്ന കാര്യമൊന്നും അവർ പരിഗണിക്കാറുണ്ടായിരുന്നില്ല. പിന്നെ സ്വന്തം അഭിപ്രായം സ്വരൂപിക്കാൻ അവരാരും ധൈര്യപ്പെട്ടിരുന്നുമില്ല. 'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുതെ'(*അൽ ഹുജുറാത്ത്* 1)ന്ന ഖുർആനിക സൂക്തം അവരുടെ മനസ്സിൽ എപ്പോഴും പച്ചപിടിച്ചു നിന്നിരുന്നുവെന്നതാണ് കാരണം.

തിരുമേനി(സ)യുടെ മരണാനന്തരം, ഒരു പ്രശ്നത്തിൽ വിധിതേടാനായി അവർ ആദ്യം സമീപിച്ചിരുന്നത് ഖുർആനെയും നബിചര്യയെയുമായിരുന്നു. അവയിൽ പരിഹാരം കണ്ടില്ലെങ്കിൽ യുക്തിയെ ആശ്രയിക്കും. അതായത് ഇജ്തിഹാദ് ചെയ്യും. ഇജ്തിഹാദിലൂടെ ലഭിച്ച അഭിപ്രായമനുസരിച്ച് പ്രവർത്തിക്കും. ഇതിനിടയിൽ വിഷയസംബന്ധമായ ഒരു ഹദീസ് ലഭിച്ചാൽ അവർ തങ്ങളുടെ അഭിപ്രായങ്ങളെ കൈവെടിയുകയും പ്രസ്തുത ഹദീസ് സ്വീകരിക്കുകയും ചെയ്യും. തങ്ങളുടെ നിഗമനങ്ങളെ തള്ളുന്നതിന് ഹേതുവായ പ്രസ്തുത ഹദീസ് ഒരാൾ മാത്രം നിവേദനം ചെയ്തതാണെന്ന ന്യായീകരണം നടത്തി അത് സ്വീകരിക്കാൻ ആശങ്ക പ്രകടിപ്പിച്ചിരുന്നുമില്ല.

ഇത് തന്നെയായിരുന്നു താബിഉകളുടെയും സ്ഥിതി. സ്വഹാബികൾ മുഖേന നബി(സ)യിൽനിന്നും ലഭിക്കുന്ന ഹദീസുകൾ നിവേദകരുടെ സംഖ്യയൊന്നും പരിഗണിക്കാതെ സ്വീകരിക്കുന്ന സ്വഭാവമായിരുന്നു അവർക്കുമുണ്ടായിരുന്നത്. അനുഷ്ഠാനകാര്യങ്ങളിലും വിശ്വാസകാര്യങ്ങളിലും ഇത്തരം ഹദീസുകളെ അവർ പ്രമാണമായി പരിഗണിക്കുകയും ചെയ്തിരുന്നു.

സ്വഹാബിമാരുടെയും താബിഉകളുടെയും ചരിത്രങ്ങൾ പരിശോധിച്ചാൽ ഇതേവിഷയകമായി ധാരാളം ഉദാഹരണങ്ങൾ കാണാം.

1. 'ദിയതി' (രക്തമൂല്യം)ന്റെ അവകാശികൾ 'ആഖിലതി (പിതാവ് വഴിയുള്ള ബന്ധുക്കൾ)നാണെന്നും ഭർത്താവിന്റെ ദിയതിൽനിന്ന് സ്ത്രീക്ക് യാതൊന്നും ലഭിക്കുകയില്ലെന്നുമായിരുന്നു ഉമറി(റ)ന്റെ അഭിപ്രായം. പക്ഷേ, തിരുമേനി(സ)യുടെ കാലത്ത് അബദ്ധത്തിൽ വധിക്കപ്പെട്ട അശ്‌യം ളിബാബിയുടെ ദിയതിൽനിന്ന് അദ്ദേഹത്തിന്റെ ഭാര്യക്ക് അവകാശം നൽകാൻ തിരുമേനി(സ) തനിക്കെഴുതിയതായി ളഹ്ഹാകുബ്നു സുഫ്‌യാൻ പറഞ്ഞപ്പോൾ ഉമർ(റ) തന്റെ അഭിപ്രായം കൈവിട്ടു അത് സ്വീകരിക്കുകയായിരുന്നു.

2. ഗർഭസ്ഥ ശിശുവിന്റെ കാര്യത്തിൽ തിരുമേനി(സ)യിൽനിന്നും വല്ലതും കേട്ടവരുണ്ടോ എന്ന് ഉമർ(റ) അന്വേഷിച്ചപ്പോൾ ഹംലുബ്നു മാലിക് എഴുന്നേറ്റു പറഞ്ഞു: എനിക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നു. ഒരിക്കൽ ഇവരിലൊരാൾ മറ്റെയാളെ പത്തിരിക്കുഴൽ കൊണ്ടടിക്കുകയും അവൾ ചാപ്പിള്ളയെ പ്രസവിക്കുകയും ചെയ്തു. ഈ സംഭവത്തിൽ ഒരു അടിമയെ നൽകാനാണ് തിരുമേനി(സ) വിധിച്ചത്.

ഇത് കേട്ടപ്പോൾ ഉമർ(റ) പറഞ്ഞു: ഈ വിഷയകമായി ഞാൻ ഒന്നും കേട്ടിരുന്നില്ലെങ്കിൽ മറ്റൊരു രീതിയിലായിരുന്നു ഞാൻ വിധി നടത്തുക.

ഇസ്ഹാകിന്റെ ഹദീസ് കിട്ടിയിരുന്നില്ലെങ്കിൽ, താൻ ഇജ്തിഹാദ് ചെയ്തു തദാനുസാരം വിധികണ്ടെത്തുമെന്നാണല്ലോ ഈ പറഞ്ഞതിനർഥം.

3. ശാമിലേക്ക് പുറപ്പെട്ട ഉമർ(റ) വഴിയിൽവെച്ച് തിരിച്ചുപോരാൻ ഹേതുവായത് അവിടെ പ്ലേഗ് പടർന്നുപിടിച്ചിരിക്കുന്നുവെന്ന് അബ്ദുർറഹ്മാനുബ്നു ഔഫിന്റെ വാക്കായിരുന്നു.

4. മജൂസികളുടെ കാര്യത്തിൽ എന്തു ചെയ്യണമെന്ന് എനിക്കറിയില്ലാ എന്ന് ഒരിക്കൽ ഉമർ(റ) പറഞ്ഞു: വേദക്കാരോടുള്ള നയം അവരിലും നടപ്പിലാക്കുകയെന്ന് തിരുമേനി(സ)യിൽ നിന്ന് കേട്ടതായി ഞാൻ സാക്ഷിയാണ്. ഹജറിലെ മജൂസികളിൽനിന്ന് തിരുമേനി(സ) ജിസ്‌യ വാങ്ങിയിരുന്നുവെന്ന് അബ്ദുർറഹ്മാനുബ്നു ഔഫ് പറഞ്ഞപ്പോൾ മാത്രമാണ് ഉമർ(റ) അവരിൽനിന്ന് ജിസ്‌യ വാങ്ങിയത്.

6. ഭർത്താവ് മരണപ്പെട്ട ഫരീഅഃ എന്ന സ്ത്രീ തിരുമേനി(സ)യുടെ അടുത്തെത്തി തന്റെ കുടുംബത്തിലേക്ക് തിരുച്ചുപോകാൻ അനുമതി തേടി. ഭർത്താവിനു സ്വന്തമായി വീടില്ലാ എന്നതായിരുന്നു കാരണം. തിരുമേനി(സ) സമ്മതം കൊടുത്തു. അൽപം കഴിഞ്ഞു വീണ്ടും ഭർത്താവിന്റെ വിവരമന്വേഷിച്ചു. താൻ മുമ്പ് പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ചു. അപ്പോൾ അവിടുന്നു പറഞ്ഞു: ഇദ്ദ കാലം കഴിയുന്നതുവരെ നിന്റെ വീട്ടിൽ കഴിഞ്ഞോളൂ. അതനുസരിച്ച് അവർ നാലുമാസവും പത്തുദിവസവും ഇദ്ദയാചരിച്ചു. പിന്നീട്, ഉസ്മാൻ(റ)ന്റെ ഭരണകാലത്ത് അദ്ദേഹം ഇവരുടെ അടുത്ത് ആളയച്ചു ഇതേകുറിച്ച് അന്വേഷിച്ചു. വിവരങ്ങൾ അവർ പറയുകയും അദ്ദേഹം

**നബി(സ)യുടെ ഒരു ഹദീസ് ലഭിച്ചാൽ തദാനുസൃതം പ്രവർത്തിക്കുക സ്വഹാബികളുടെ സ്വഭാവമായിരുന്നു. അത് ലഭിച്ചത് ഒരാൾ മുഖേനയാണോ രണ്ടാൾ മുഖേനയാണോ ഒരു സംഘം വഴിയാണോ എന്ന കാര്യമൊന്നും അവർ പരിഗണിക്കാറുണ്ടായിരുന്നില്ല. പിന്നെ സ്വന്തം അഭിപ്രായം സ്വരൂപിക്കാൻ അവരാരും ധൈര്യപ്പെട്ടിരുന്നുമില്ല. 'സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റേ'യും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുതെ'(*അൽ ഹുജുറാത്ത്* 1)ന്ന ഖുർആനിക സൂക്തം അവരുടെ മനസ്സിൽ എപ്പോഴും പച്ചപിടിച്ചു നിന്നിരുന്നുവെന്നതാണ് കാരണം.**

തദനുസാരം വിധിക്കുകയും ചെയ്തു.

ജ്ഞാനിയും നേതാവുമായ ഉസ്മാൻ(റ) ഒരു സ്ത്രീയുടെ വാക്ക് പ്രകാരം മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ വിധി നടപ്പാക്കിയ സംഭവമാണിവിടെ നാം കാണുന്നത്. ■

**റഫറൻസ്**


*1. ഇർശാദുൽ ഫുഹൂൽ - ഇമാം ശൗകാനി*

*2. അൽ ഹദീസു വൽ മുഹദ്ദിസൂന ഔ ഇയാനതുൽ ഉമ്മത്തിൽ ഇസ്‌ലാമിയ്യ ബിസ്സുന്നത്തി ന്നബവിയ്യ - മുഹമ്മദ് അബൂ സഹ്റ*

*3. അർരിസാല - ഇമാം ശാഫിഈ*

*4. ഖബറുൽ വാഹിദ് ഫിത്തശ്‌രീഇൽ ഇസ്‌ലാമി വ ഹുജ്ജിയതുഹു - അബൂഅബ്ദുർറഹ്മാൻ ഖാദി*

*5. അസ്സുന്നത്തു വ മകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി മുസ്ത്വഫസ്സിബാഈ*

*6. തഫ്സീറുൽ വുസ്വൂൽ ഇലാ ഇൽമിൽ ഉസ്വൂൽ - ഇബ്റാഹീം ഖാസിമി*

*7. സുന്നത്ത് ഇസ്‌ലാമിക ശരീഅത്തിൽ - മുസ്ത്വഫസ്സിബാഈ.*